**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4479** **06-03-2023 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗതമായ ഉല്പാദനത്തിലൂടെ ലഭിക്കുന്ന വൈദ്യുതിയിൽ നിന്നും ഹരിതോർജ്ജത്തിലേക്ക് മാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരമ്പരാഗതമായ ഊർജ്ജ ഉല്പാദനത്തിലൂടെ ലഭിക്കുന്ന വൈദ്യുതിയിൽ നിന്നും ഹരിതോർ ജ്ജത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി കെ. എസ്. ഇ. ബി. എൽ. മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. സൗരപദ്ധതി**<br><br>'**സൗര**' പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ട നോൺ സബ്സിഡി പദ്ധതിയിൽ നിലവിൽ 22.02 MW-ന്റെ 1919 നിലയങ്ങൾ പൂർത്തീ കരിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. ഫണ്ട് മുഖേനയാണ് നടപ്പിലാക്കിയത്. 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതി 40 ശതമാനം MNRE സബ്സിഡിയോട്ടു കൂടിയും ശേഷിച്ച തുക സ്വകാര്യ നിക്ഷേപവുമായാണ് നടപ്പാക്കുന്നത്. നിലവിൽ സബ്സിഡി പദ്ധതിയിൽ 109.16 MW-ന്റെ 29060 നിലയങ്ങൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. ആകെ സൗര പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ 131.18 MW-ന്റെ 30,979 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>**2. സൗരോർജ്ജ പദ്ധതി**<br><br>പുരപ്പുറ സോളാർ പദ്ധതി/ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി, ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി യിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ KSEBL മുഖേന നടപ്പിലാക്കി വരുന്നു. ഒപ്പം വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/ അർദ്ധ സർക്കാർ/LSGD/മറ്റു സ്ഥാപനങ്ങൾ എന്നിവ യുടെ ഉടമസ്ഥതയിലുള്ള |

കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ, തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. ടി പ്രവർത്തന ങ്ങളുടെയെല്ലാം ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി നിലവിൽ 738 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 434 MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. ഇതിൽ 'സൗര' പുരപ്പുറ പദ്ധതി വഴി 128.9MW അധിക വൈദ്യുതി കൂട്ടിച്ചേർത്തു.

ഇതു കൂടാതെ KSEBL, താരിഫ് അധിഷ്ഠിത ബിഡിംഗിലൂടെ 14 MW ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025 MW ന്റെ കാറ്റാടി നിലയം 3 x 2 MW എന്ന സ്ഥാപിത ശേഷിയിലേക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തു വരുന്നു.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപക മാക്കുന്നതിനു വേണ്ടി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി യിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നു.

2. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗ ങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി കൊണ്ട് അവരുടെ ജീവിത സാഹചര്യവും, ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് '**ഹരിത ഊർജ്ജ വരുമാന പദ്ധതി**' അനെർട്ട് നടപ്പിലാക്കിവരുന്നു.

3. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/ കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയ ങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പിലാക്കി വരുന്നു.

4. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടു ത്തിട്ടുണ്ട്. തിരുവനന്തപുരം നഗര ത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സ കളിൽ നിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാല യത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു.<br><br>5. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾ കൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു.<br><br>6. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന '**റെസ്കോ (RESCO) മോഡൽ**' അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പുരോഗതി **അനുബന്ധം (1)** ആയി ചേർക്കുന്നു. ഇതിനു പുറമെ കേന്ദ്ര പദ്ധതിയായ **പി. എം. കുസും** പദ്ധതി പ്രകാരം കാർഷിക പമ്പുകൾ സൗരോർജ്ജവത്ക്കരിക്കുന്നതിന്റെ ഭാഗമായി 142 MW – ന്റെ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഗാർഹിക ഉപഭോക്താക്കാൾക്കായി കെ.എസ്.ഇ.ബി. നടപ്പിലാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരമ്പരാഗതമായ ഊർജ്ജ ഉല്പാദനത്തിലൂടെ ലഭിക്കുന്ന വൈദ്യുതിയിൽ നിന്നും ഹരിതോർ ജ്ജത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി കെ. എസ്. ഇ. ബി. എൽ. മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>1. സൗരപദ്ധതി</u>**<br><br>'**സൗര**' പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ട നോൺ സബ്സിഡി പദ്ധതിയിൽ നിലവിൽ 22.02 MW-ന്റെ 1919 |

നിലയങ്ങൾ പൂർത്തീ കരിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. ഫണ്ട് മുഖേനയാണ് നടപ്പിലാക്കിയത്. 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതി 40 ശതമാനം MNRE സബ്സിഡിയോടു കൂടിയും ശേഷിച്ച തുക സ്വകാര്യ നിക്ഷേപവുമായാണ് നടപ്പാക്കുന്നത്. നിലവിൽ സബ്സിഡി പദ്ധതിയിൽ 109.16 MW-ന്റെ 29060 നിലയങ്ങൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. ആകെ സൗര പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ 131.18 MW-ന്റെ 30,979 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

**2. സൗരോർജ്ജ പദ്ധതി**

പുരപ്പുറ സോളാർ പദ്ധതി/ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി, ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി യിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ KSEBL മുഖേന നടപ്പിലാക്കി വരുന്നു. ഒപ്പം വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/ അർദ്ധ സർക്കാർ/LSGD/മറ്റു സ്ഥാപനങ്ങൾ എന്നിവ യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കൽ, തുടങ്ങിയ സൗരോർജ്ജ പദ്ധതികളും പുരോഗമിക്കുന്നു. ടി പ്രവർത്തന ങ്ങളുടെയെല്ലാം ഫലമായി കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി നിലവിൽ 738 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 434 MW ഈ സർക്കാരിന്റെ കാലയളവിലാണ് സ്ഥാപിച്ചത്. ഇതിൽ 'സൗര' പുരപ്പുറ പദ്ധതി വഴി 128.9MW അധിക വൈദ്യുതി കൂട്ടിച്ചേർത്തു.

ഇതു കൂടാതെ KSEBL, താരിഫ് അധിഷ്ഠിത ബിഡിംഗിലൂടെ 14 MW ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025 MW ന്റെ കാറ്റാടി നിലയം 3 x 2 MW എന്ന സ്ഥാപിത ശേഷിയിലേക്ക് ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തു വരുന്നു.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപക മാക്കുന്നതിനു വേണ്ടി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി യിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നു.

2. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗ ങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി കൊണ്ട് അവരുടെ ജീവിത സാഹചര്യവും, ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് '**ഹരിത ഊർജ്ജ വരുമാന പദ്ധതി**' അനെർട്ട് നടപ്പിലാക്കിവരുന്നു.

3. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/ കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയ ങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പിലാക്കി വരുന്നു.

4. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടു ത്തിട്ടുണ്ട്. തിരുവനന്തപുരം നഗര ത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സു കളിൽ നിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാല യത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു.

5. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾ കൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു.

6. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന '**റെസ്കോ (RESCO) മോഡൽ**' അനെർട്ട് മുഖേന

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന ഗാർഹിക പുരപ്പുറ സൗരോർജ പദ്ധതിയുടെ പുരോഗതി **അനുബന്ധം (1)** ആയി ചേർക്കുന്നു. ഇതിനു പുറമെ കേന്ദ്ര പദ്ധതിയായ **പി. എം. കുസും** പദ്ധതി പ്രകാരം കാർഷിക പമ്പുകൾ സൗരോർജ്ജവത്ക്കരിക്കുന്നതിന്റെ ഭാഗമായി 142 MW – ന്റെ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉപഭോക്താവിന് വായ്പാ സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | സൗര പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനായി Electrical Section/ Subdivision തലങ്ങളിൽ നിരവധിതവണ Spot registration ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. കൂടാതെ എല്ലാ ജില്ലാ കളക്ടേറ്റ് കാര്യാലയങ്ങളിലും spot registration ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.<br><br>ഇതിനു പുറമെ കെ.എസ്.ഇ.ബി.എൽ.- ന്റെ official website വഴിയും social media വഴിയും പ്രാദേശികപത്ര മാധ്യമങ്ങൾ വഴിയും വേണ്ടത്ര പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഒപ്പം ഡെവലപ്പേഴ്സ് മീറ്റ്, Invertor, module മുതലായ നിർമ്മാതാക്കളുടെയും യോഗങ്ങൾ നടത്തി.<br><br>ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിൽ registration നടത്തുന്നതിനും സോളാർ നിലയത്തിന്റെ സ്ഥാപനം കഴിയുന്നതുവരെയുള്ള tracking സംവിധാനം ഉൾപ്പടെയുള്ള കാര്യങ്ങൾക്കായി **e-Kiran** എന്ന വെബ് പോർട്ടൽ ആവിഷ്കരിച്ചു.<br><br>നെറ്റ് മീറ്ററിന്റെ ലഭ്യത സബ് റിജണൽ സ്റ്റോർ വഴി എല്ലാ സെക്ഷൻ ഓഫീസുകളിലും ഉറപ്പ് വരുത്തി.<br><br>MNRE-യിൽ നിന്നും സബ്സിഡി സമയബന്ധിതമായി വാങ്ങി ഡെവലപ്പർ മാർക്ക് നൽകി.<br><br>എല്ലാ സെക്ഷൻ ഓഫീസുകളിലും സീനിയർ സൂപ്രണ്ടുമാരെ സോളാർ സെക്ഷൻ ഓഫീസർമാരായി നിയോഗിച്ച് ഉപഭോ ക്താകൾക്ക് രജിസ്ട്രേഷനും മറ്റു അനുബന്ധ പ്രവൃത്തികളും എളുപ്പമാക്കി.<br><br>സൗരനിലയം സ്ഥാപിക്കുന്നതിനുള്ള ചെലവിൽ സബ്സിഡി കഴിച്ചുള്ള ഉപഭോക്തൃ വിഹിതം, ലോണായി അനുവദിക്കുന്നതിനായി ബാങ്കിന്റെ പ്രതിനിധി |

| | | | |
|---|---|---|---|
| | | | കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് ചില ബാങ്കുകൾ താൽപര്യം പ്രകടിപ്പിക്കുകയും ഇതിനെ സംബന്ധിക്കുന്ന വിവരം ഡെവലപ്പർമാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അനെർട്ട് നടപ്പിലാക്കിവരുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനുമായി വായ്പാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, HDFC ബാങ്ക് എന്നിവയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ഡി) | സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വിലയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം (2)** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| | Application status Installation Status | | Installation Status | | CFA Released Status | |
|---|---|---|---|---|---|---|
| District | Total Systems in Numbers | Total Capacity in kW | Total Systems in Numbers | Total Capacity in kW | Total Systems in Numbers | Total Capacity in kW |
| Alappuzha | 594 | 2167 | 209 | 716.24 | 95 | 308 |
| Ernakulam | 744 | 2915 | 153 | 458.09 | 81 | 253 |
| Idukki | 84 | 301 | 42 | 109.44 | 16 | 45 |
| Kannur | 497 | 1830 | 107 | 357.25 | 56 | 186 |
| Kasaragod | 173 | 616 | 37 | 105 | 20 | 52 |
| Kollam | 503 | 1882 | 105 | 352 | 62 | 205 |
| Kottayam | 312 | 1130 | 47 | 127.96 | 18 | 61 |
| Kozhikode | 247 | 906 | 43 | 130.175 | 17 | 48 |
| Malappuram | 199 | 759 | 39 | 121.52 | 5 | 11 |
| Palakkad | 571 | 1940 | 119 | 328.695 | 44 | 145 |
| Pathanamthitta | 315 | 1174 | 72 | 240.48 | 23 | 58 |
| Thiruvananthapuram | 1313 | 4817 | 298 | 964.965 | 128 | 436 |
| Thrissur | 752 | 2624 | 277 | 817.575 | 78 | 280 |
| Wayanad | 143 | 404 | 59 | 127.52 | 11 | 23 |
| **TOTAL** | **6447** | **23465** | **1607** | **4956.91** | **654** | **2111** |

സെക്ഷൻ ഓഫീസർ

അനുബന്ധം – 2

completed

---പൂർത്തിയാക്കിയ പ്രവൃത്തി കളുടെ വിശദവിവരം (as on 28-2-2023)

| നമ്പർ | പ്രവൃത്തിയുടെ പേര് | PAC തുക | Kwp | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കാസർഗോഡ് ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള ഏഴ് സ്കൂളുകളിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 70 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 44,54,000/- | 70 | പദ്ധതി പൂർത്തീകരിച്ചു ഗ്രിഡ് കണക്ടിവിറ്റി നൽകി. |
| 2 | മലപ്പുറം ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള പതിനൊന്ന് സ്കൂളുകളിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 110 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 64,66,925/- | 110 | പദ്ധതി പൂർത്തീകരിച്ചു ഗ്രിഡ് കണക്ടിവിറ്റി നൽകി. |
| 3 | ബ്രഹ്മപുരത്തു ഡീസൽ പവർ പ്ലാന്റിന്റെ പരിസരത്തു 23 ഏക്കർ വിസ്തൃതിയുള്ള KSEBL-ൻറെ അധീനതയിലുള്ള സ്ഥലത്തു മൂന്ന്സ്ഥലങ്ങളിലായി നാല് മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂതല സൗരോർജ്ജനിലയം സ്ഥാപിക്കുന്ന പദ്ധതി | Rs. 23,51,18,499/- | 3000 | 3MW ശേക്ഷിയുള്ള ഭൂതലസൗരോർജ്ജ നിലയം പൂർത്തിയായി.<br>1 MW ശേക്ഷിയുള്ള ഭൂതലസൗരോർജ്ജ നിലയതിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| 4 | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 150 kWp സ്ഥാപിത ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 67.35 ലക്ഷം | 150 | പൂർത്തീകരിച്ചു |
| 5 | വിവിധ ജില്ലാ കളക്ടറേറ്റ് കാര്യാലയങ്ങളിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 380 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs.1.92 Cr | 380 | 380 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചു. |
| 6 | യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ് ൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 57 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 36.57 ലക്ഷം | 57 | പദ്ധതി പൂർത്തീകരിച്ചു ഗ്രിഡ് കണക്ടിവിറ്റി നൽകി. |

9/

completed

| | | | | |
|---|---|---|---|---|
| 7 | പേരാമ്പ്ര ബ്ലോക്ക് പഞ്ചത്തിന്റെ കീഴിൽ, പേരാമ്പ്ര താലൂക്ക് ഹോസ്പിറ്റലിൽ 50 kWp യും ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ 10 kWp സ്ഥാപിത ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 3,096,000/- | 10 | 27.08.2022 ൽ പദ്ധതി പൂർത്തീകരിച്ചു ഗ്രിഡ് കണക്ടിവിറ്റി നൽകി. |
| 8 | തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള ആറ് സ്ഥാപനങ്ങളിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 385 kWp സ്ഥാപിത ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs.2,30,17,000 | 385 | പദ്ധതി പൂർത്തീകരിച്ചു ഗ്രിഡ് കണക്ടിവിറ്റി നൽകി. |
| 9 | KSDMA- ദുരന്തനിവാരണ അതോറിറ്റി യുടെ കീഴിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 30 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 15,71,410/- | 30 | 20 kWp പൂർത്തീകരിച്ചു |
| 10 | KSLC- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽൻറെ കീഴിൽ 15 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 8,05,870/- | 15 | പദ്ധതി പൂർത്തീകരിച്ചു ഗ്രിഡ് കണക്ടിവിറ്റി നൽകി. |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള 29 സ്ഥാപനങ്ങളിൽ 450 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | | 450 | പൂർത്തീകരിച്ചു |
| 12 | കേരളത്തിലെ 26 KSEBL/ ഗവ.ലൊക്കേഷനുകളിൽ ഇ.വി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലി( 5 വർഷം വാറൻറ്റി ഉൾപ്പടെ) | Rs.4.74 Cr | | പൂർത്തീകരിച്ചു |
| 13 | കേരളത്തിലെ 30 KSEBL/ ഗവ.ലൊക്കേഷനുകളിൽ ഇ.വി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലി( 5 വർഷം വാറൻറ്റി ഉൾപ്പടെ) | Rs. 8.66 Cr | | പൂർത്തീകരിച്ചു |
| 14 | കേരളത്തിലെ 1166 പോൾ മൗണ്ടഡ് ഇ.വി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലി | Rs. 3.99 Cr | | പൂർത്തീകരിച്ചു |

completed

| | | | | |
|---|---|---|---|---|
| 15 | DISM- ൻറെ ആസ്ഥാനമായ തിരുവനന്തപുരം ആരോഗ്യ ഭവൻ ൻറെ മേൽക്കൂരയിൽ 8 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 10,43,700/- | 20 | 20 kWp പൂർത്തീകരിച്ചു |
| | | | 4677 | |

സെക്ഷൻ ഓഫീസർ

13

ongoing

**– നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി കളുടെ വിശദവിവരം (as on 28-2-2023)**

| സീരിയൽ നമ്പർ | പ്രവൃത്തിയുടെ പേര് | PAC തുക | kWp | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കാസർഗോഡ് ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള ആറ് സ്ഥാപനങ്ങളിൽ 253 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 1,11,34,538/- | 253 | നിർമാണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. |
| 2 | PMKUSUM ഫീഡർ തല സോളറൈസേഷൻ 11 MWp- ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങളുടെ നിർമാണവും 5 വർഷ അറ്റകുറ്റപ്പണിയും. | PAC- 50 കോടി രൂപ കോൺട്രാക്ട് തുക - 55 കോടി രൂപ. | 11000 | നിർമാണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. |
| 3 | PMKUSUM- Component A ൽ തരിശുനിലങ്ങളിൽ 5.5 MW- സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപനം. | താരിഫ് അധിഷ്ഠിത ബിഡ്. | 5500 | ആകെ 5.5 MW ൻറെ 3 കർഷകർ/ കർഷകകൂട്ടായ്മയ്ക്ക് 19.08.2022 ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിനായുള്ള PPA വയ്ക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 4 | KSEBL -ൻറെ അധീനതയിലുള്ള 220kV സബ്സ്റ്റേഷനിൽ 10MW സ്ഥാപിതശേഷിയുള്ള BESS (Battery Energy Storage System) സ്ഥാപിക്കുന്നപദ്ധതി | Rs. 11,20,141/- | 10000 | പദ്ധതിയുടെ നടത്തിപ്പിന്റെ അനുമതിക്കായി KSERC യിൽ DPR സമർപ്പിച്ചിരിക്കുന്നു. |
| 5 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള സ്കൂളിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ 56 kWp സ്ഥാപിതശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിക്കുന്ന പദ്ധതി | Rs. 42,00,000/- | 56 | നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു .Electrical Inspectorate ൽ ന്റെ energisation approval നു EPC contractor ആയ Keltron മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്, അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനാകും. |
| 6 | പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ ആടു വളർത്തൽ കേന്ദ്രത്തിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ 450 kWp സ്ഥാപിതശേഷിയുള്ള ഭൂതല സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി | Rs. 2,87,00,000/- | 450 | വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

15

ongoing

| | | | | |
|---|---|---|---|---|
| 7 | ബ്രഹ്മപുരത്തു ഡീസൽ പവർ പ്ലാന്റിന്റെ പരിസരത്തു 23 ഏക്കർ വിസ്തൃതിയുള്ള KSEBL-ൻറെ അധീനതയിലുള്ള സ്ഥലത്തു മൂന്ന്സ്ഥലങ്ങളിലായി നാല് മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂതല സൗരോർജ്ജനിലയം സ്ഥാപിക്കുന്ന പദ്ധതി | Rs. 23,51,18,499/- | 1000 | 2.75MW ശേക്ഷിയുള്ള ഭൂതലസൗരോർജ്ജ നിലയം പൂർത്തിയായി.<br><br>1.25 MW ശേക്ഷിയുള്ള ഭൂതലസൗരോർജ്ജ നിലയതിന്റെ നിർമ്മാണം Kanjikkod പുരോഗമിക്കുന്നു. |
| 8 | KSDMA- ദുരന്തനിവാരണ അതോറിറ്റി യുടെ കീഴിൽ വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 30 kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 15,71,410/- | 8 | വർക്ക് ഓർഡർ നൽകി. നിർമാണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. |
| 9 | പാനൂർ ബ്ലോക്ക് പഞ്ചായത്തിൻറെ കീഴിൽ ഉള്ള ആർ.ആർ.എഫ്, മൊക്കേരി എന്ന സ്ഥാപനത്തിൽ 30kWp യും വേങ്ങേരി ഫാർമേഴ്സ് ട്രെയിനിങ് സെൻററിൽ 25kWp യും സ്ഥാപിത ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 21,60,000/- | 55 | വർക്ക് ഓർഡർ നൽകി. നിർമാണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. |
| 10 | പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൻറെ അധീനതയിലുള്ള പിലാഞ്ഞി എന്ന സ്ഥലത്ത് വർക്ക്ഡെപ്പോസിറ്റ് അടിസ്ഥാത്തിൽ 160 kWp സ്ഥാപിത ശേഷിയുള്ള ഭൂതല സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി. | Rs. 97,33,880/- | 160 | വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ